(സി) കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി അന്തരീക്ഷ താപ നിലയിലുണ്ടാകുന്ന വർദ്ധനവ്, സമുദ്രനിരപ്പ് ഉയരുന്നത് മൂലമുണ്ടാകുന്ന അധികരിച്ച ലവണാംശം, കീടരോഗ വർദ്ധനവ്, പുതിയ കീടങ്ങളുടേയും രോഗങ്ങളുടേയും ആവിർഭാവം, വെള്ളപ്പൊക്ക ഭീഷണി എന്നിവ മുന്നിൽക്കണ്ട് ഉയർന്ന താപനിലയിലും വിളവ് തരാൻ കഴിവുള്ളതും, ലവണത്തെ പ്രതിരോധിക്കാൻ കഴിവുള്ളതും, മൂപ്പുകുറഞ്ഞതും, കീടരോഗ പ്രതിരോധ ശേഷിയുള്ളതും, വെള്ളപ്പൊക്കത്തെ അതിജീവിക്കാൻ കഴിവുള്ളതുമായ നെൽവിത്തിനങ്ങൾ ഉരുത്തിരിച്ചെടുക്കുന്നതിനുള്ള ഗവേഷണങ്ങൾ 2009-10-ൽ മങ്കൊമ്പ് നെല്ല് ഗവേഷണ കേന്ദ്രത്തിൽ ആരംഭിച്ചു. വിവിധ സമ്മർദ്ദങ്ങളെ അതിജീവിക്കാൻ കഴിയുന്ന പരമ്പരാഗത ഇനങ്ങളും അത്യുൽപ്പാദനശേഷിയുള്ള ഇനങ്ങളും തമ്മിൽ സങ്കരണം നടത്തി ഉരുത്തിരിച്ചെടുത്ത നൂറോളം കൾച്ചറുകൾ പരീക്ഷണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

പ്രൊഫഷണൽ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ

7 (*577) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകളിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ നൽകുന്നതിന് സഹകരണ സ്ഥാപനങ്ങൾ വഴി പ്രത്യേക സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ വാണിജ്യ ബാങ്കുകൾ നൽകുന്ന വിദ്യാഭ്യാസ വായ്പകൾക്കുള്ളതിനേക്കാൾ എന്തൊക്കെ ലളിതമായ വ്യവസ്ഥകളാണ് ഇത്തരം വായ്പകൾക്ക് നിഷ്ക്കർഷിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ ഏതൊക്കെ പ്രൊഫഷണൽ കോഴ്സുകൾക്കാണ് യാതൊരു കൊളാറ്ററൽ സെക്യൂരിറ്റിയും കൂടാതെ വിദ്യാഭ്യാസ വായ്പകൾ അനുവദിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) കഴിഞ്ഞ അദ്ധ്യായന വർഷത്തിൽ ആകെ എത്ര രൂപയാണ് സഹകരണ സ്ഥാപനങ്ങൾ വിദ്യാഭ്യാസ വായ്പയായി അനുവദിച്ചത് ;

(ഇ) അനുവദിച്ച വായ്പകളിൽ യാതൊരു കൊളാറ്ററൽ സെക്യൂരിറ്റിയും കൂടാതെ എത്ര കോടി രൂപയുടെ എത്ര വായ്പകളാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ ;

(എഫ്) നടപ്പുവർഷം ഇത്തരത്തിൽ എത്ര കോടി രൂപയുടെ വായ്പകൾ നൽകുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സാധാരണക്കാരും പാവപ്പെട്ടവരുമായ അർഹതയുള്ള വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്നും, അർഹതപ്പെട്ട അപേക്ഷകർക്ക് കാലതാമസം കൂടാതെ യഥാസമയം വായ്പ ലഭ്യമാക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകൾക്ക് വായ്പ വിതരണത്തിൽ നബാർഡ്, റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ എന്നിവയുടെകൂടി മാനദണ്ഡങ്ങൾ പാലിക്കേണ്ടതിനാൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യയുടെ മാർഗ്ഗനിർദ്ദേശങ്ങൾകൂടി കണക്കിലെടുത്ത് സംസ്ഥാനത്തൊട്ടാകെ സഹകരണ ബാങ്കുകൾക്ക് പൊതുവായി സ്വീകരിക്കാവുന്ന മാതൃകാ നിബന്ധനകൾ അംഗീകരിച്ചുകൊണ്ടാണ് സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ/ബാങ്കുകൾ മുഖേന വിദ്യാഭ്യാസ വായ്പ വിതരണം ചെയ്യുന്നത്. വാണിജ്യ ബാങ്കുകളെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ പലിശ നിരക്കാണ് സഹകരണ ബാങ്കുകൾ ഈടാക്കുന്നത്. 4.50 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾ എടുത്തിട്ടുള്ള വിദ്യാഭ്യാസ വായ്പയുടെ പലിശ ബാദ്ധ്യത കേന്ദ്ര സർക്കാർ വഹിക്കുന്ന കഴിഞ്ഞ സാമ്പത്തിക വർഷം മുതലുള്ള സർക്കാരിന്റെ വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ സബ്സിഡി സ്കീമിൽ ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്നുള്ള വിദ്യാഭ്യാസ വായ്പകളെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. സഹകരണ ബാങ്കുകളിൽനിന്നും വിതരണം ചെയ്തിട്ടുള്ള വിദ്യാഭ്യാസ വായ്പയെ ഉൾപ്പെടുത്താത്തത് സഹകരണ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്തിട്ടുള്ള വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുകയും സഹകരണ ബാങ്കുകളിൽനിന്നുള്ള വിദ്യാഭ്യാസ വായ്പ ആകർഷകമല്ലാതാക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷമാണ് സംജാതമായിരിക്കുന്നത്.

(സി) മെഡിക്കൽ, എഞ്ചിനീയറിംഗ്, അഗ്രികൾച്ചറൽ, വെറ്ററിനറി, ദന്തൽ, നേഴ്സിംഗ്, ബി.ഫാം, പോസ്റ്റ് ഗ്രാഡുവേറ്റ് ഡിപ്ലോമകൾ, നിയമം, ബിസിനസ് മാനേജ്മെന്റ്, ബിരുദാനന്തര ബിരുദങ്ങൾ, കമ്പ്യൂട്ടർ ഇൻഫർമേഷൻ ടെക്നോളജി, പാരാമെഡിക്കൽ കോഴ്സുകൾ, ടൂറിസം, ഹോട്ടൽ മാനേജ്മെന്റ് തുടങ്ങി കേരളത്തിലെ യൂണിവേഴ്സിറ്റികൾ, സർക്കാർ/സർക്കാർ അംഗീകൃത കൗൺസിലുകൾ/എ.ഐ.സി.റ്റി.ഇ. തുടങ്ങിയവർ അംഗീകരിച്ചിട്ടുള്ള കോഴ്സുകൾക്ക് സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ/സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനും, പ്രൊഫഷണൽ വിദ്യാഭ്യാസത്തിനും സഹകരണ ബാങ്കുകൾ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നുണ്ട്. കുടുംബ വാർഷിക വരുമാനം 4 ലക്ഷം രൂപവരെയുള്ളവർക്ക് 4.50 ലക്ഷം രൂപവരെ വായ്പ ആവശ്യമുള്ളവർക്ക് ഈടില്ലാതെ വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ സഹകരണ ബാങ്കുകൾ മുഖേന പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുൾപ്പെടെ ആകെ 3078.99 ലക്ഷം രൂപയുടെ വിദ്യാഭ്യാസ വായ്പകൾ വിതരണം ചെയ്തിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ കഴിഞ്ഞ സാമ്പത്തിക വർഷം പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി 789 വായ്പകളിലായും 12.21 കോടി രൂപയുടെ വിദ്യാഭ്യാസ വായ്പകളാണ് ഈടില്ലാതെ വിതരണം ചെയ്തിട്ടുള്ളത്.

(എഫ്) 2009-2010 വർഷം മുതൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പയ്ക്കുള്ള പലിശ സബ്സിഡി സ്കീമിൽ ഷെഡ്യൂൾഡ് ബാങ്കുകളിൽനിന്ന് വിതരണം ചെയ്തിട്ടുള്ള വിദ്യാഭ്യാസ വായ്പയെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. സഹകരണ ബാങ്കുകളെ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്താത്തത് സഹകരണ ബാങ്കുകളിൽനിന്നും വിദ്യാഭ്യാസ വായ്പ എടുക്കുന്ന വിദ്യാർത്ഥികളെ ദോഷകരമായി ബാധിക്കുമെന്നാണ് വിലയിരുത്തിയിട്ടുള്ളത്. ആയത് സഹകരണ ബാങ്കുകളിൽനിന്നുള്ള വായ്പാ വിതരണത്തേയും തിരിച്ചടവിനേയും പ്രതികൂലമായി ബാധിക്കുമെന്നതാണ്. ഈ സാഹചര്യത്തിലും ഉന്നത വിദ്യാഭ്യാസത്തിനും പ്രൊഫഷണൽ വിദ്യാഭ്യാസത്തിനുമായി സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ മുഖേന അർഹതയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഇ.എം.എസ്. ഭവന പദ്ധതിക്ക് വായ്പ നൽകുന്ന പദ്ധതി

8 (*578) ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഇ.എം.എസ്. ഭവന പദ്ധതിക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വായ്പ നൽകുന്നതിന് സഹകരണ വകുപ്പ് പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഇതിനായി ഇതുവരെ എത്രകോടി രൂപയാണ് ലഭ്യമാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ വർഷം ഇനിയും എന്ത് തുക ഈ ഇനത്തിൽ വായ്പയായി വിതരണം ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഈ പദ്ധതിക്ക് സഹകരണ മേഖലയിൽനിന്നും വിതരണം ചെയ്യുന്ന വായ്പകളുടെ പലിശത്തുക സബ്സിഡിയായി അനുവദിക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിച്ചിട്ടുള്ളത് ?

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

LIBRARY ARCHIVES Kerala Legislative Assembly